**അനുമോദനം**

കായികതാരങ്ങൾക്ക് അനുമോദനം

മി. സ്പീക്കർ: ടോക്കിയോ ഒളിമ്പിക്സിലെ പുരുഷ വിഭാഗം ഹോക്കി മത്സരത്തിൽ ഇന്ത്യ വെങ്കല മെഡൽ നേടിയിരിക്കുന്നു. 1980-ലെ മോസ്കോ ഒളിമ്പിക്സിനുശേഷം പുരുഷ വിഭാഗം ഹോക്കിയിൽ ഇന്ത്യ ആദ്യമായാണ് മെഡൽ നേടുന്നത്. 5:4 എന്ന സ്കോറിന് ജർമ്മനിയെ തോൽപ്പിച്ചാണ് ഇന്ത്യ വെങ്കല മെഡൽ നേടിയത്. മലയാളിയായ ഗോൾ കീപ്പർ ശ്രീ. പി. ആർ. ശ്രീജേഷ് നടത്തിയ മികച്ച സേവുകളാണ് ഇന്ത്യയെ വിജയത്തിലേയ്ക്ക് നയിച്ചത് എന്നത് അഭിമാനകരവും ആഹ്ലാദകരവുമാണ്. ശ്രീ. മൻപ്രീത് സിംഗ് നയിച്ച ഇന്ത്യൻ ടീമിനും ശ്രീ. പി. ആർ. ശ്രീജേഷിനും കേരള നിയമസഭയുടെ അഭിനന്ദനങ്ങൾ.

വനിതാവിഭാഗം ഹോക്കിയിൽ ഇന്നുനടന്ന വാശിയേറിയ മത്സരത്തിൽ ഇന്ത്യയ്ക്ക് വെങ്കലമെഡൽ നഷ്ടപ്പെട്ടെങ്കിലും നമ്മുടെ പെൺകുട്ടികൾ വീരോചിതമായ പോരാട്ടമാണ് നടത്തിയത്. വനിതാ ടീമിന് മെഡൽ ലഭിച്ചില്ലെങ്കിലും അവരുടെ പോരാട്ടവീര്യവും അഭിനന്ദനമർഹിക്കുന്നു.

പുരുഷവിഭാഗം 57 കിലോ ഫ്രീസ്റ്റൈൽ ഗുസ്തി മത്സരത്തിൽ ശ്രീ. രവികുമാർ ദഹിയ വെള്ളിമെഡലും 69 കിലോ വനിതാ വിഭാഗം

ബോക്സിംഗിൽ ലവ്‌ലിന ബോർഗോഹെയ്ൻ വെങ്കല മെഡലും നേടിയിട്ടുണ്ട്. ആദ്യ ഒളിമ്പിക്സിൽത്തന്നെ ലവ്‌ലിനയ്ക്ക് മെഡൽ നേടാൻ കഴിഞ്ഞത് എടുത്തുപറയേണ്ട നേട്ടമാണ്. ഒളിമ്പിക്സ് പുരുഷവിഭാഗം ഗുസ്തി മത്സരത്തിൽ സുശീൽ കുമാറിനുശേഷം ഇന്ത്യ നേടുന്ന മിന്നുന്ന വിജയമാണ് രവികുമാർ ദഹിയയുടേത്. രണ്ടുപേർക്കും ഈ സഭയുടെ അഭിനന്ദനങ്ങൾ. 32-ാം ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി അഭിമാനകരമായ വിജയങ്ങൾ നേടിയ എല്ലാ കായിക താരങ്ങളേയും ഈ സഭ അഭിനന്ദിക്കുന്നു. തുടർന്നും മികച്ച വിജയങ്ങൾ നേടാൻ നമ്മുടെ കായിക താരങ്ങൾക്ക് കഴിയട്ടെ എന്നാശംസിക്കുന്നു.